നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# 2009 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

2009 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടികൾ **26.08.2009** ന് ആരംഭിക്കുന്നതാണ്. ഇത് പ്രകാരം വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതിയ കോഴ്സ്/ കോളേജുകളിലേക്ക് ഓപ്ഷൻ നൽകുന്നതിനും **26.08.2009 മുതൽ 31.08.2009 വരെ** **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും** (OFC) **ഹെൽപ്പ് ഡസ്കുകളും** (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**രണ്ടാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.**

**പുതിയ കോളേജ്/കോഴ്സ് :** ഒന്നും രണ്ടും ഘട്ട അലോട്ട്മെന്റിൽ ലഭ്യമല്ലാതിരുന്നതും ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതുമായ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്/കോഴ്സുകളിലേക്ക് വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. മൂന്നാം ഘട്ട അലോട്ട്മെന്റിൽ പുതുതായി ഉൾപ്പെടുത്തിയിരിക്കുന്ന കോളേജ്/കോഴ്സുകൾ ചുവടെ ചേർക്കുന്നു.

| നം. | കോളേജ് | കോഴ്സ് |
|---|---|---|
| 1 | പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, അട്ടയാംപതി, ഗോവിന്ദപുരം, പാലക്കാട് (**PIT**) | CS, ME, EC, EE |
| 2 | ഇന്ദിരാ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ഫോർ വിമൻ, നെല്ലിക്കുഴി, കോതമംഗലം, എറണാകുളം (**IGW**) | CE, EE, EC, CS |
| 3 | മാർ ബസലിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & സയൻസ്, നെല്ലിമറ്റം, കോതമംഗലം, എറണാകുളം (**MBI**) | CE, ME, EC, CS |
| 4 | ശ്രീ ബുദ്ധാ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ വിമൻ, ഇലവുംതിട്ട, പത്തനംതിട്ട (**SBW**) | CE, AE, EC, CS |
| 5 | ജോൺ കോക്സ് മെമ്മോറിയൽ സി.എസ്.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കണ്ണമ്മൂല, തിരുവനന്തപുരം (**JIT**) | ME, EE, EC, CS |
| 6 | ജെയ് ഭാരത് കോളേജ് ഓഫ് മാനേജ്മെന്റ് & എഞ്ചിനീയറിംഗ് ടെക്നോളജി, പെരുമ്പാവൂർ, എറണാകുളം (**JBT**) | EE, EC, CS |
| 7 | ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, മൂക്കന്നൂർ, അങ്കമാലി (**FIT**) | ME |

**2009-10 അദ്ധ്യയനവർഷത്തിലേക്ക് സർക്കാരിന്റെ അനുമതി ലഭിച്ചതും ഒന്നും രണ്ടും ഘട്ട അലോട്ട്മെന്റുകളിൽ ഉൾപ്പെട്ടിരുന്നതുമായ താഴെപ്പറയുന്ന 14 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ 50% സർക്കാർ സീറ്റിലേക്ക് അലോട്ട്മെന്റ് തുടരുന്നതാണ്.**

| നം. | കോളേജ് |
|---|---|
| 1 | തേജസ് എഞ്ചിനീയറിംഗ് കോളേജ് , വെള്ളാറക്കാട്, തൃശൂർ (TJE) |
| 2 | മലബാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, ദേശമംഗലം, തൃശൂർ (MEC) |
| 3 | പ്രൈം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ വിമൻ, കൊടുമ്പ്, പാലക്കാട് (PCE) |
| 4 | യു.കെ.എഫ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പാരിപ്പള്ളി, കൊല്ലം (UKP) |
| 5 | കെ.എം.സി.റ്റി. എഞ്ചിനീയറിംഗ് കോളേജ് ഫോർ വിമൻ, കോഴിക്കോട് (KMW) |
| 6 | എം.ഇ.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & മാനേജ്മെന്റ്, കൊല്ലം (MEK) |
| 7 | രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, ആറ്റിങ്ങൽ, തിരുവനന്തപുരം (RIE) |
| 8 | ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, കൂറ്റനാട്, പാലക്കാട് (SPT) |
| 9 | പങ്കജകസ്തൂരി കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കണ്ടല, തിരുവനന്തപുരം (PKE) |
| 10 | ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുളത്തുപ്പുഴ, കൊല്ലം (HKE) |
| 11 | അർച്ചന കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പനമേൽ, ആലപ്പുഴ (ACE) |
| 12 | വലിയ കൂനമ്പായ്കുളത്തമ്മ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പാരിപ്പള്ളി, തിരുവനന്തപുരം (VKE) |
| 13 | കെ. ആർ. ഗൗരിയമ്മ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ വിമൻ, ചേർത്തല, ആലപ്പുഴ (GWE) |
| 14 | ശ്രീ വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മാവേലിക്കര, ആലപ്പുഴ (VPE) |

മേൽപറഞ്ഞ 14 കോളേജുകളിൽ ഇപ്പോൾ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അവരവരുടെ ഹയർ ഓർഡർ ഓപ്ഷൻ അനുസരിച്ച് സർക്കാർ/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകൾ/മെഡിക്കൽ സ്ട്രീമിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകൾ എന്നിവയിലേക്ക് മാറ്റം ലഭിക്കാൻ അർഹതയുണ്ടായിരിക്കും. ആയതിനാൽ ഇനിയൊരു മാറ്റം ആഗ്രഹിക്കുന്നെങ്കിൽ അവരവരുടെ ഹയർ ഓർഡർ ഓപ്ഷൻ ക്രമീകരിക്കുന്നതിനും, മാറ്റം ആവശ്യമില്ലെങ്കിൽ ഹയർ ഓർഡർ ഓപ്ഷൻ ക്യാൻസൽ ചെയ്യുന്നതിനും അവസരമുണ്ടായിരിക്കും.

**26.08.2009 രാവിലെ 10 മണി മുതൽ 31.08.2009 വൈകുന്നേരം 5 മണി വരെ** രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ 08.09.2009 ന് മൂന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**മൂന്നാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു**

| | |
|---|---|
| **26.08.2009** 10 am to **31.08.2009** 5 pm | To re-arrange **/ cancel the higher order options** or to register fresh options to new Colleges/Courses included in the Third allotment. |
| **08.09.2009** | **Third Allotment** |
| **09.09.2009 to 10.09.2009** | Candidates allotted to all courses to remit fee/balance fee/deposit at the selected branches of the State Bank of Travancore (**SBT**) |
| **14.09.2009** | **Admission to all Courses** (Engineering/Medical/Ayurveda/Homoeo/Agricultural University courses) |
| **15.09.2009** | Colleges to furnish non-joining report to the CEE **(Fax No. 0471 2337228)** |
| **16.09.2009** | Last date for Cancellation of Allotment/Admission based on Third Allotment. |

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471-2115311, 2115312, 2115313, 2115314, 2115315** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
25.08.2009